ഭരണഭാഷ – മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : എ. മുരളീധരൻ)

തിരുവനന്തപുരം
തീയതി: 17.07.2019

നം. 14950/2017/ഇ8/ഡിപി

വിഷയം:- അച്ചടി വകുപ്പ് – ജീവനക്കാര്യം – ആധുനീകരണത്തിന്റെ ഭാഗമായി അച്ചടി വകുപ്പിൽ നിലവിലുണ്ടായിരുന്ന വാനിഷിംഗ് തസ്തികകൾക്കു പകരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിലെ തസ്തികകൾ പുനർനാമ കരണം ചെയ്ത് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ബഹു.മുഖ്യമന്ത്രിയുടെ 02.07.16 ലെ വകുപ്പ് സന്ദർശനത്തോടനുബന്ധിച്ച് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിലെ 1950361/എച്ച്2/2017/ഉ.വി.വ. നമ്പർ മിനിട്ട്സിലെ നിർദ്ദേശം.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 24.05.2019–ലെ 14950/2017/ഇ8/ഡിപി നമ്പർ നടപടിക്രമം.
3. 20.06.2019–ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനം

## ഉത്തരവ്

പരാമർശം (2) പ്രകാരം ആധുനീകരണത്തിന്റെ ഭാഗമായി അച്ചടി വകുപ്പിൽ നിലവിലുണ്ടായിരുന്ന വാനിഷിംഗ് തസ്തികകൾക്കു പകരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, നിലവിലെ തസ്തികകൾ പുനർനാമകരണം ചെയ്ത് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കുമായി അച്ചടി വകുപ്പിലുള്ള **എട്ട് ഉദ്യോഗസ്ഥരെ** ഉൾപ്പടുത്തി പരാമർശം (1) പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ പരാമർശം (3) പ്രകാരമുള്ള യോഗത്തിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെ കൂടി ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി വിപുലീകരിക്കാൻ തീരുമാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടി ടെക്നിക്കൽ കമ്മിറ്റിയിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെ കൂടി ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി 9 അംഗങ്ങളായി വിപുലീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത കമ്മിറ്റി അച്ചടി വകുപ്പിലെ ശാഖാ കാര്യാലയങ്ങളിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മെഷീനുകൾക്ക് ആനുപാതികമായി പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രൊപ്പോസൽ ഒരു മാസത്തിനകം തയ്യാറാക്കി അച്ചടി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

**ഒപ്പ്/-**
**അച്ചടി വകുപ്പ് ഡയറക്ടർ**

സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ./
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഫിനാൻസ് ഓഫീസർ./ലാ (നോഡൽ) ഓഫീസർ./സീനിയർ സൂപ്രണ്ട്
ജൂനിയർ സൂപ്രണ്ട് ഇ II, ഇ I/ ബഡ്ജറ്റ്/ബി4 സീറ്റ്/കരുതൽ ഫയൽ /ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ. 11.07.2019